# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026 – മാണ്ട് മാർച്ച് മാസം 30 –ാം തീയതി

# ST. No. 409/ 2018

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച്<br>പോലീസ് സബ്ബ് ഇൻസ്പെക്ടർ,<br>അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 837/2017<br>(പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ,<br>A.P.P. സീനിയർ ഗ്രേഡ്) |
| കുറ്റാരോപിതർ | : | 1. ഷെമീർ, 43 വയസ്സ്, S/o. ബദറുദ്ദീൻ<br>ഷെമീം മൻസിൽ, തോട്ടപ്പള്ളി പി.ഒ,<br>പുറക്കാട് പഞ്ചായത്ത് വാർഡ് – 11<br>ആലപ്പുഴ<br>2. നാസർ , 60 വയസ്സ് , S/o. ഖാലിദ്<br>തോപ്പിൽ വീട്, പുറക്കാട് പി.ഒ, പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 17, ആലപ്പുഴ<br>നിലവിൽ താമസം : സുനാമി കോളനി,<br>പുന്നപ്ര തെക്ക് പഞ്ചായത്ത് , ആലപ്പുഴ<br>3. ഷാനവാസ്, 43 വയസ്സ് , S/o. മുഹമ്മദ് ഷെരീഫ്<br>കാട്ടുക്കാരൻ പറമ്പ് , വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 16,<br>ആലപ്പുഴ<br>4. ഷെമീർ, 36 വയസ്സ്, S/o. കമറുദ്ദീൻ<br>പുതുവൽ വീട് , വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 2<br>ആലപ്പുഴ<br>5. ലത്തീഫ്, 49 വയസ്സ് S/o. മജീദ്<br>വൃക്ഷവിലാസം തോപ്പ്, വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 2<br>ആലപ്പുഴ<br>6. സഫർ അലി, 41 വയസ്സ്, S/o. അഷറഫ്<br>കണ്ണാടി ചിറയിൽ, വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 6<br>ആലപ്പുഴ |

7. ഷിഹാബ്, 43 വയസ്സ്, S/o. മുഹമ്മദ് സാദിഖ്
തെക്കേ കുറ്റിത്തോപ്പിൽ, വണ്ടാനം പി.ഒ,
അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 13
ആലപ്പുഴ
8. ഷൗക്കത്ത്, 36 വയസ്സ്, S/o. റഷീദ് അലി
തൈപ്പറമ്പിൽ, കമ്പി വളപ്പ്, വണ്ടാനം പി ഒ,
അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 12
ആലപ്പുഴ
9. നാസറുദ്ദീൻ @ നാസർ, 43 വയസ്സ്,
S/o. അബ്ദുള്ളാഹ് കുഞ്ഞ്
ഔതൻ പറമ്പ്, വണ്ടാനം പി.ഒ,
അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 6
ആലപ്പുഴ
10. നൗഫൽ, 38 വയസ്സ് , S/o. ഉമ്മർ
തോപ്പിൽ, കാക്കാഴം, വണ്ടാനം പി.ഒ,
അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 13
ആലപ്പുഴ
(1 മുതൽ 10 വരെ പ്രതികളെ പ്രതിനിധീകരിക്കുന്നത്
അഡ്വ. ആർ വിജയചന്ദ്രൻ)

കുറ്റം : ഇന്ത്യൻ ശിക്ഷാ നിയമം 143,147,149,341,294(b),323,272,427 വകുപ്പുകൾ

പ്രതി വാദം : പ്രതികൾ കുറ്റം ചെയ്തിട്ടില്ല

കണ്ടെത്തൽ : പ്രതികൾ കുറ്റം ചെയ്തിട്ടില്ല

വിധി : ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം 1 മുതൽ 10 വരെ പ്രതികളെ കുറ്റവിമുക്തരാക്കിയിരിക്കുന്നു

## പ്രതികളുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ്സ് |
|---|---|---|---|---|---|
| 1. | ഷെമീർ | ബദറുദ്ദീൻ | ..... | ഷെമീം മൻസിൽ, തോട്ടപ്പള്ളി പി.ഒ, പുറക്കാട് പഞ്ചായത്ത് വാർഡ് – 11 , ആലപ്പുഴ | 43 |

| | | | | | |
|---|---|---|---|---|---|
| 2. | നാസർ | ഖാലിദ് | ..... | തോപ്പിൽ വീട്, പുറക്കാട് പി.ഒ,<br>പുറക്കാട് പഞ്ചായത്ത്<br>വാർഡ് – 17, ആലപ്പുഴ<br>നിലവിൽ താമസം :<br>സുനാമി കോളനി,<br>പുന്നപ്ര തെക്ക് പഞ്ചായത്ത് ,<br>ആലപ്പുഴ | 60 |
| 3. | ഷാനവാസ് | മുഹമ്മദ് ഷെരീഫ് | ..... | കാട്ടൂക്കാരൻ പറമ്പ് ,<br>വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 16, ആലപ്പുഴ | 43 |
| 4. | ഷെമീർ | കമറുദ്ദീൻ | ..... | പുതുവൽ വീട് , വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 2, ആലപ്പുഴ | 36 |
| 5. | ലത്തീഫ് | മജീദ് | ..... | വൃക്ഷവിലാസം തോപ്പ്,<br>വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 2, ആലപ്പുഴ | 49 |
| 6. | സഫർ അലി | അഷറഫ് | ..... | കണ്ണാടി ചിറയിൽ,<br>വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 6, ആലപ്പുഴ | 41 |
| 7. | ഷിഹാബ് | മുഹമ്മദ് സാദിഖ് | ..... | തെക്കേ കുറ്റിത്തോപ്പിൽ,<br>വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 13, ആലപ്പുഴ | 43 |
| 8. | ഷൗക്കത്ത് | റഷീദ് അലി | ..... | തൈപ്പറമ്പിൽ, കമ്പി വളപ്പ്,<br>വണ്ടാനം പി ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 12, ആലപ്പുഴ | 36 |
| 9. | നാസറുദ്ദീൻ @<br>നാസർ | അബ്ദുല്ലാഹ് കുഞ്ഞ് | ..... | ഔതൻ പറമ്പ്, വണ്ടാനം പി.ഒ,<br>അമ്പലപ്പുഴ വടക്ക് പഞ്ചായത്ത്<br>വാർഡ് – 6 ആലപ്പുഴ | 43 |

| | | | | | |
|---|---|---|---|---|---|
| 10. | നൗഫൽ | ഉമ്മർ | ..... | തോപ്പിൽ, കാക്കാഴം, വണ്ടാനം പി.ഒ, അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് വാർഡ് – 13 , ആലപ്പുഴ | 38 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതികൾ ഹാജരായത്/ അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ–നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 06.07.2017 | 06.07.2017 | 24.07.2018 | 2 മുതൽ 10 വരെ പ്രതികൾ ഹാജരായത് 19.03.2019. ഒന്നാം പ്രതി ഹാജരായത് 26.03.2019 | 2 മുതൽ 10 വരെ പ്രതികൾക്ക് ജാമ്യം നൽകിയത് 19.03.2019. ഒന്നാം പ്രതിക്ക് ജാമ്യം നൽകിയത് 26.03.2019 | 10.06.2025 | 27.03.2026 | 30.03.2026 |

ഈ കേസ് 27.03.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 30.03.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

## വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 837/2017 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ്:

   SDPI പ്രവർത്തകരായ പ്രതികൾക്ക് ഒന്നാം സാക്ഷിയുടെ മത്സ്യ മാർക്കറ്റിലെ മത്സ്യകയറ്റിറക്ക് ജോലികൾ പ്രദേശത്തെ SDPI പ്രവർത്തകരെക്കൊണ്ട് ചെയ്യിക്കാത്തതിലുള്ള വിരോധത്താൽ ഒന്നാം സാക്ഷിയുടെ മത്സ്യ മാർക്കറ്റിലെ

മത്സ്യക്കച്ചവടം തടസ്സപ്പെടുത്തി ഒന്നാം സാക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 55-ഓളം പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് ടിയാന്മാരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി പ്രതികൾ ഓരോരുത്തരും ടി ന്യായവിരോധ സംഘത്തിലെ അംഗങ്ങളാണെന്ന അറിവോടുകൂടി 06.07.2017 തീയതി പുലർച്ചെ 4 മണിക്ക് ആലപ്പുഴ-കൊല്ലം NH ൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 8-)൦ വാർഡിൽ വളഞ്ഞവഴി ജംഗ്ഷനിൽ നിന്നും ഉദ്ദേശം 30 മീറ്റർ തെക്ക് മാറി ടി NH ന്റെ കിഴക്ക് വശം ഒന്നാം സാക്ഷി മത്സ്യ മാർക്കറ്റിനായി സജ്ജീകരിച്ചിട്ടുള്ള സ്ഥലത്ത് വെച്ച് "ഞങ്ങൾക്ക് കൂടെ തൊഴിൽ തന്നിട്ട് ഇവിടെ കച്ചവടം നടത്തിയാൽ മതിയെന്ന് നിന്നോട് പറഞ്ഞതല്ലേടാ തായോളി" എന്ന് ചോദിച്ച കൊണ്ട് ഒന്നാം പ്രതി ഒന്നാം സാക്ഷിയെ കൈ കൊണ്ട് തള്ളി മറിച്ചിട്ട് 1 മുതൽ 10 വരെ പ്രതികളും കണ്ടാൽ അറിയാവുന്ന 45-ഓളം പ്രതികളും ചേർന്ന് വിൽപ്പനയ്ക്കായി ഒന്നാം സാക്ഷി മത്സ്യ മാർക്കറ്റിൽ വെച്ചിരുന്ന ഉദ്ദേശം 80,000/- രൂപ വില വരുന്നതും 8 ബോക്സുകളിലായി സൂക്ഷിച്ചിരുന്ന മീനുകൾ റോഡിലേക്ക് വലിച്ചെറിഞ്ഞ് കളഞ്ഞും, രണ്ടാം സാക്ഷി ഒന്നാം സാക്ഷിയിൽ നിന്നും 20,000/- രൂപ വില ഉറപ്പിച്ച് വാങ്ങിയ മൂന്ന് ബോക്സുകളിലെ മുഴുവൻ മീനുകളിലും ഒന്നും രണ്ടും മൂന്നും പ്രതികൾ കൈയ്യിൽ കരുതിയിരുന്ന മണ്ണെണ്ണ ഒഴിച്ച് വിഷമയമാക്കിയും ഒന്നാം സാക്ഷിക്ക് ഉദ്ദേശം ഒരു ലക്ഷം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയും പ്രതികൾ മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റച്ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ചു. പരിഗണനയ്ക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ടു മേൽ അക്കമിട്ടു 1 മുതൽ 10 വരെ പ്രതികൾക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. 1 മുതൽ 10 വരെ പ്രതികൾ ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരാകുകയും ജാമ്യത്തിന് അർഹരായതിനാൽ ടി പ്രതികളെ ജാമ്യത്തിൽ വിടുകയും ചെയ്തു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ 1 മുതൽ 10 വരെ പ്രതികൾക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണ്ണവും സ്പഷ്ടവും ആണെന്ന് സമ്മതിച്ച സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. 1 മുതൽ 10 വരെ പ്രതികളെ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതികൾ കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW4 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 മുതൽ P5 വരെ രേഖകൾ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. മറ്റു സാക്ഷികളെ കോടതി മുമ്പാകെ വിസ്തരിക്കുന്നില്ല എന്ന് അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ സാക്ഷി പട്ടികയിൽ സാക്ഷ്യപ്പെടുത്തി കോടതി മുമ്പാകെ സമർപ്പിച്ചു.

8. PW1 മുതൽ PW4 വരെ ഉള്ള വിചാരണ ഭാഗം സാക്ഷികൾ നൽകിയ തെളിവുകളിൽ ഒന്നും തന്നെ പ്രതികൾക്ക് എതിരായ കുറ്റാരോപണം സ്ഥാപിക്കുന്ന യാതൊരു സാഹചര്യങ്ങളും വെളിവാകാത്തതിനാൽ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരമുള്ള ചോദ്യം ചെയ്യൽ ഒഴിവാക്കി.

9. പ്രതിഭാഗത്ത് നിന്ന് തെളിവുകൾ ബോധിപ്പിക്കുന്നതിന് അവസരം നൽകിയെങ്കിലും യാതൊരു വിധ തെളിവുകളും ഹാജരാക്കുകയുണ്ടായില്ല.

10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണയ്ക്കായി വന്നു.

I). SDPI പ്രവർത്തകരായ പ്രതികൾക്ക് ഒന്നാം സാക്ഷിയുടെ മത്സ്യ മാർക്കറ്റിലെ മത്സ്യകയറ്റിറക്ക് ജോലികൾ പ്രദേശത്തെ SDPI പ്രവർത്തകരെക്കൊണ്ട് ചെയ്യിക്കാത്തതിലുള്ള വിരോധത്താൽ ഒന്നാം സാക്ഷിയുടെ മത്സ്യ മാർക്കറ്റിലെ മത്സ്യക്കച്ചവടം തടസ്സപ്പെടുത്തി ഒന്നാം സാക്ഷിയെ ദേഹോപദ്രവം ഏൽപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 55-ഓളം പ്രതികൾ ന്യായവിരോധമായി സംഘം ചേർന്ന് ടിയാന്മാരുടെ പൊതു ഉദ്ദേശകാര്യ സാധ്യത്തിനായി പ്രതികൾ ഓരോരുത്തരും ടി ന്യായവിരോധ സംഘത്തിലെ അംഗങ്ങളാണെന്ന അറിവോടുകൂടി 06.07.2017 തീയതി പുലർച്ചെ 4 മണിക്ക് ആലപ്പുഴ-കൊല്ലം NH ൽ അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 8-)o വാർഡിൽ വളഞ്ഞവഴി ജംഗ്ഷനിൽ നിന്നും ഉദ്ദേശം 30 മീറ്റർ തെക്ക് മാറി ടി NH ന്റെ കിഴക്ക് വശം ഒന്നാം സാക്ഷി മത്സ്യ മാർക്കറ്റിനായി സജ്ജീകരിച്ചിട്ടുള്ള സ്ഥലത്ത് വെച്ച് "ഞങ്ങൾക്ക് കൂടെ തൊഴിൽ തന്നിട്ട് ഇവിടെ കച്ചവടം നടത്തിയാൽ മതിയെന്ന്

നിന്നോട് പറഞ്ഞതല്ലേടാ തായോളി" എന്ന് ചോദിച്ച കൊണ്ട് ഒന്നാം പ്രതി ഒന്നാം സാക്ഷിയെ കൈ കൊണ്ട് തള്ളി മറിച്ചിട്ട് 1 മുതൽ 10 വരെ പ്രതികളും കണ്ടാൽ അറിയാവുന്ന 45-ഓളം പ്രതികളും ചേർന്ന് വിൽപ്പനയ്ക്കായി ഒന്നാം സാക്ഷി മത്സ്യ മാർക്കറ്റിൽ വെച്ചിരുന്ന ഉദ്ദേശം 80,000/- രൂപ വില വരുന്നതും 8 ബോക്സുകളിലായി സൂക്ഷിച്ചിരുന്ന മീനുകൾ റോഡിലേക്ക് വലിച്ചെറിഞ്ഞ് കളഞ്ഞും, രണ്ടാം സാക്ഷി ഒന്നാം സാക്ഷിയിൽ നിന്നും 20,000/- രൂപ വില ഉറപ്പിച്ച് വാങ്ങിയ മൂന്ന് ബോക്സുകളിലെ മുഴുവൻ മീനുകളിലും ഒന്നും രണ്ടും മൂന്നും പ്രതികൾ കൈയ്യിൽ കരുതിയിരുന്ന മണ്ണെണ്ണ ഒഴിച്ച് വിഷമയമാക്കിയും ഒന്നാം സാക്ഷിക്ക് ഉദ്ദേശം ഒരു ലക്ഷം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാക്കിയും പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരമുള്ള ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം I :-</u>**

12. ഈ കേസിലെ ആവലാതിക്കാരനായ ഒന്നാം സാക്ഷിയെ PW2 ആയും, കൃത്യം നേരിട്ട് കണ്ട സംഭവ സാക്ഷികളായ 3, 4 സാക്ഷികളെ PW1, PW3 ആയും കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ് . ഈ കേസിൽ കൃത്യം നേരിട്ട് കണ്ടിട്ടുള്ള രണ്ടാം സാക്ഷി മരണപ്പെട്ട് പോയിട്ടുള്ളതിനാൽ ടിയാനെ കോടതി മുമ്പാകെ വിസ്തരിച്ചിട്ടില്ലാത്തതാണ് .

13. ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും സംഭവം കണ്ടതായി പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 06.07.2017 തീയതി പുലർച്ചെ 4 മണിയോടുകൂടി ഈ കേസിലെ പ്രതികൾ ഒന്നാം സാക്ഷിയെ ഉപദ്രവിക്കുന്നതായി കണ്ടു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും PW1 മുഖ്യവിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

14. ഈ കേസിന് ആസ്പദമായ സംഭവം 06.07.2017 തീയതി വളഞ്ഞവഴി ജംഗ്ഷനിലെ തന്റെ സ്ഥാപനമായ ബർക്കത്ത് ഫിഷ് കമ്പനിയിൽ വെളുപ്പിനെ 4 മണിക്കാണ് സംഭവം നടന്നതെന്നും മീൻ എടുക്കാൻ വന്ന ആളുകളെ കണ്ടാൽ അറിയാവുന്ന SDPI പ്രവർത്തകർ തടസ്സപ്പെടുത്തുകയും അസഭ്യം പറയുകയും തന്നെ ദേഹോപദ്രവം ഏൽപ്പിക്കുകയും കൂടാതെ കടയിൽ വെച്ചിരുന്ന മീനിന്റെ അകത്ത് മണ്ണെണ്ണ ഒഴിച്ച് ഏകദേശം 2 ലക്ഷം രൂപയുടെ നഷ്ടം തനിക്ക് ഉണ്ടാക്കിയെന്നും ആക്രമണം നടത്തിയവരിൽ 10 പേരെ കണ്ടാൽ അറിയാമെന്നും അവർ തന്നെ

താായോളി എന്ന് വിളിച്ചു എന്നും പ്രതികൾക്ക് അമിതമായ കമ്മീഷൻ ആവശ്യപ്പെട്ട് കൊണ്ടാണ് തന്നെ ഉപദ്രവിച്ചതെന്നും അസഭ്യം പറഞ്ഞതെന്നും പ്രതികളെ തനിക്ക് കണ്ടാൽ അറിയാമെന്നും അതിൽ പ്രതികളായ 1,2,3,5,6,9 എന്നിവർ കോടതിയിൽ ഹാജരുണ്ട് എന്നും 22.09.2025 തീയതിയിൽ നടന്ന മുഖ്യ വിസ്താര വേളയിൽ ആവലാതിക്കാരൻ (PW2) തിരിച്ചറിഞ്ഞു എങ്കിലും, 01.12.2025 തീയതി നടന്ന എതിർവിസ്താര വേളയിൽ തന്നെ ഉപദ്രവിച്ചവരിൽ ആരും ഇന്ന് കോടതിയിൽ ഹാജർ ഇല്ല എന്നും മത്സ്യക്കച്ചവടം നടത്താൻ സഹായിക്കുന്ന ആളുടെ പേര് സിദ്ദീഖ് എന്നാണ് എന്നും പ്രതികൾ മത്സ്യത്തിൽ മണ്ണെണ്ണ ഒഴിച്ചു എന്ന് പറയുന്ന ദിവസം സിദ്ദീഖ് അവിടെ ഉണ്ടായിരുന്നു എന്നും പുലർച്ചെ 4 മണിക്കാണ് സംഭവം നടന്നതെന്നും ആ സമയത്ത് സിദ്ദീഖ് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ എന്നും സംഭവം നടക്കുമ്പോൾ താൻ ഓഫീസിൽ ഉണ്ടായിരുന്നു എന്നും ഓഫീസിൽ നിൽക്കുമ്പോൾ സംഭവം കാണാൻ സാധിക്കില്ല എന്നും മത്സ്യത്തിൽ മണ്ണെണ്ണ ഒഴിച്ച സംഭവം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും സംഭവത്തെപ്പറ്റി തനിക്ക് സിദ്ദീഖ് പറഞ്ഞ അറിവ് മാത്രമേ ഉള്ളൂ എന്നും സിദ്ദീഖാണ് സംഭവം കണ്ടതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ താൻ പറഞ്ഞിരുന്നു എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവരെ കോടതിയിൽ ആദ്യമായി കാണുകയാണ് എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ തന്നെ ഉപദ്രവിച്ചിട്ടില്ല എന്നും പ്രതികൾ ആരും തന്നെ കൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്നും PW2 മൊഴി നൽകി. തുടർന്ന് നടന്ന വിചാരണ ഭാഗത്തിന്റെ റി-എക്സാമിനേഷനിൽ പരിസരവാസികൾ പറഞ്ഞത് അനുസരിച്ചാണ് മുഖ്യ വിസ്താര വേളയിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നവരാണ് മണ്ണെണ്ണ ഒഴിച്ചത് എന്ന് പറഞ്ഞതെന്നും കോടതിയിലെ പ്രതിക്കൂട്ടിൽ തന്നെ ഉപദ്രവിച്ചവർ ആരും ഇല്ല എന്നും PW2 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

15. ഈ കേസിന് ആസ്പദമായ സംഭവം താൻ കണ്ടില്ല എന്നും കേസിന് ആസ്പദമായ സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും 06.07.2017 തീയതി വളഞ്ഞവഴി മീൻ മാർക്കറ്റിന് സമീപം പുലർച്ചെ 4 മണിയോടുകൂടി ഈ കേസിന് ആസ്പദമായ സംഭവം കണ്ടു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും PW3 മുഖ്യവിസ്താര വേളയിൽ കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

16. 07.07.2017 തീയതിയിൽ താൻ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ എസ്.ഐ ആയി പ്രവർത്തിച്ച് വരവെ ഒന്നാം സാക്ഷി സ്റ്റേഷനിൽ ഹാജരായി പറഞ്ഞ മൊഴി രേഖപ്പെടുത്തിയത് താൻ ആണെന്നും ആയത് പ്രകാരം അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 837/2017 ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരം Ext.P2 എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയും, തുടർന്ന് ഈ കേസിന്റെ കൃത്യസ്ഥലത്ത് ഹാജരായി Ext.P3 കൃത്യസ്ഥല മഹസ്സർ തയ്യാറാക്കി എന്നും, തുടർന്ന് ഈ കേസിലെ പ്രതികളുടെ പേരും മേൽവിലാസവും തിരിച്ചറിഞ്ഞ് Ext.P4 അഡ്രസ്സ് റിപ്പോർട്ട് കോടതിയിൽ ഹാജരാക്കി എന്നും, തുടർന്ന് ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യുകയും മതിയായ ജാമ്യക്കാരെ ഹാജരാക്കിയതിനാൽ Ext.P5 ജാമ്യക്കച്ചീട്ട് ഇഷ്യൂ ചെയ്തു പ്രതികളെ ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ് എന്നും, തുടർന്ന് സാക്ഷികളെ കണ്ട് മൊഴി രേഖപ്പെടുത്തി പ്രതികൾക്കെതിരെയുള്ള കുറ്റപത്രം തയ്യാറാക്കി കോടതിയിൽ ഫയൽ ചെയ്തിട്ടുള്ളതാണ് എന്നും, ഈ കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്ത പ്രതികളെ തനിക്ക് കണ്ടാൽ തിരിച്ചറിയാം എന്നും അവർ കോടതിയിൽ ഹാജരുണ്ട് എന്നും PW4 കോടതി മുമ്പാകെ മൊഴി നൽകിയിരിക്കുന്നു.

17. ഈ കേസിലെ ആവലാതിക്കാരനായ ഒന്നാം സാക്ഷി (PW2) പരസ്പര വിരുദ്ധമായ മൊഴികളാണ് മുഖ്യവിസ്താരത്തിലും എതിർവിസ്താരത്തിലും കോടതി മുമ്പാകെ നൽകിയിരിക്കുന്നത്. അത്തരത്തിൽ മൊഴി നൽകുന്നവരെ കോടതിക്ക് പൂർണ്ണമായി വിശ്വസിക്കുന്നതിൽ പരിധി ഉണ്ട്. പ്രതികൾ തന്നെ ഉപദ്രവിച്ചു എന്നും തനിക്ക് 2 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാക്കി എന്നും PW2 മുഖ്യവിസ്താര വേളയിൽ പറഞ്ഞു എങ്കിലും, എതിർവിസ്താര വേളയിൽ തന്റെ കടയിൽ സഹായിക്കാൻ നിൽക്കുന്ന സിദ്ദീഖ് എന്നയാൾ പറഞ്ഞത് അനുസരിച്ചാണ് മൊഴി കൊടുത്തതെന്നും കൂടാതെ സംഭവം താൻ നേരിട്ട് കണ്ടിട്ടില്ല എന്നും സംഭവത്തെ പറ്റി അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ ആരും തന്നെ ഉപദ്രവിച്ചിട്ടില്ല എന്നും PW2 മൊഴി നൽകി. എന്നാൽ സിദ്ദിഖിനെ കണ്ടു മൊഴി എടുക്കുകയോ ടിയാളെ വിചാരണ ഭാഗം സാക്ഷി ആക്കുന്നതിനോ പോലീസ് ശ്രമിച്ചിട്ടില്ല എന്നുള്ളത് വിചാരണ ഭാഗം കേസിനെ പ്രതികൂലമായി ബാധിക്കുന്നതാണ്. സംഭവ സാക്ഷികളായി വിചാരണ ഭാഗം ചേർത്ത PW1, PW3 എന്നിവർ 06.07.2017 തീയതിയിലെ കേസിന് ആസ്പദമായ സംഭവം തങ്ങൾ കണ്ടില്ല എന്നും കേസിന് ആസ്പദമായ സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും വ്യക്തമായി കോടതിയിൽ പറഞ്ഞു.

18. ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരം പ്രതികൾക്ക് എതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിയിക്കണമെങ്കിൽ കൃത്യവും വ്യക്തവുമായ തെളിവുകൾ വിചാരണ ഭാഗം കോടതി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഈ കേസിലെ ആവലാതിക്കാരൻ (PW2) പരസ്പര വിരുദ്ധമായ മൊഴി നൽകിയതിനാൽ ടിയാളുടെ മൊഴി കോടതിക്ക് വിശ്വാസ്യയോഗ്യമായി കണക്കാക്കാൻ സാധിക്കില്ല. കൂടാതെ ആവലാതിക്കാരൻ പ്രതികളെ കോടതി മുമ്പാകെ വ്യക്തമായി തിരിച്ചറിഞ്ഞിട്ടില്ലാത്തതും സംഭവം നേരിട്ട് കണ്ടു എന്ന് ആവലാതിക്കാരൻ പറയുന്ന സിദ്ദീഖിന്റെ മൊഴി എടുക്കുകയോ ടിയാളെ കൊണ്ട് പ്രതികളെ തിരിച്ചറിയിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതും വിചാരണ ഭാഗം കേസിനെ ദുർബലപ്പെടുത്തുന്നു.

19. ഇന്ത്യൻ ശിക്ഷ നിയമം 294(b) വകുപ്പ് ഇപ്രകാരം പറയുന്നു. *"Whoever, to the annoyance of others- (b) sings, recites or utters any obscene song, ballad, or words, in or near any public place shall be punished with imprisonment of either description for a term which may extend to three months , or with fine, or with both".* ഒരു പദമോ വാക്കോ അധിക്ഷേപകരവും അപമാനകരവും, അല്ലെങ്കിൽ അപകീർത്തിപരവും ആയാലും ഇന്ത്യൻ ശിക്ഷാ നിയമം 294(b) വിവക്ഷിക്കുന്ന 'അശ്ലീലമോ അസഭ്യമോ' ആയ പദം ആകണമെന്നില്ല. ആവലാതിക്കാരനായ PW2 പ്രതികൾ എന്ത് അസഭ്യമായ വാക്കാണ് തന്നെ വിളിച്ചതെന്ന് കോടതിയിൽ പറഞ്ഞിട്ടില്ല. കൂടാതെ സംഭവ സാക്ഷികളായ PW1, PW3 എന്നിവർ പ്രതികൾ ആവലാതിക്കാരനെ അശ്ലീലമോ അസഭ്യമോ ആയ പദങ്ങൾ വിളിച്ചതായി അറിയില്ല എന്നും കോടതി മുമ്പാകെ വ്യക്തമായി മൊഴി നൽകിയിട്ടുണ്ട്.

20. കേസിലെ Ext.P1 പ്രഥമ വിവര പ്രസ്താവന നൽകിയിരിക്കുന്ന PW2 ഈ കേസിലെ ആവലാതിക്കാരനാണ്. കോടതിയിൽ ഹാജർ ഉണ്ടായിരുന്ന പ്രതികളാണൊ തന്നെ ഉപദ്രവിച്ചത് എന്ന് അറിയില്ല എന്നും തന്റെ കടയിൽ സഹായിക്കാൻ നിൽക്കുന്ന സിദ്ദീഖ് എന്നയാൾ പറഞ്ഞത് അനുസരിച്ചാണ് പോലീസിൽ മൊഴി കൊടുത്തതെന്നും കൂടാതെ താൻ സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നും സംഭവത്തെ പറ്റി അറിയില്ല എന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നവർ ആരും തന്നെ ഉപദ്രവിച്ചിട്ടില്ല എന്നും PW2 മൊഴി നൽകി. ഈ കേസിന് ആസ്പദമായ സംഭവം കണ്ടില്ല എന്നും കേസിന് ആസ്പദമായ സംഭവം കണ്ടതായി അമ്പലപ്പുഴ പോലീസിന് മൊഴി കൊടുത്തിട്ടില്ല എന്നും 06.07.2017 തീയതി വളഞ്ഞവഴി മീൻ മാർക്കറ്റിന് സമീപം

പുലർച്ചെ 4 മണിയോടുകൂടി ഈ കേസിന് ആസ്പദമായ സംഭവം കണ്ടു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും സംഭവ സാക്ഷികളായ PW1, PW3 എന്നിവർ കോടതി മുമ്പാകെ മൊഴി നൽകി.

21. ഈ കേസിലെ സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ചവരാണ് PW1, PW3 സാക്ഷികൾ. എന്നാൽ സാക്ഷികളിൽ ആരും തന്നെ കേസിന് ആസ്പദമായ കൃത്യം ചെയ്തത് ആരാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. സംഭവത്തിൽ പരിക്ക് പറ്റിയ PW2 പോലും കേസിൽ വിചാരണ നേരിടുന്ന പ്രതികളാണ് കൃത്യം ചെയ്തത് എന്ന് മൊഴി പറഞ്ഞിട്ടില്ല. ആയതിനാൽ വിചാരണ ഭാഗം സാക്ഷികളുടെ മൊഴികളും രേഖകളും പ്രതികൾക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. ആയതിനാൽ പ്രതികളുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും 1 മുതൽ 10 വരെ പ്രതികൾ നിരപരാധികൾ ആണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II :-</u>**

22. മേൽ പറഞ്ഞ പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 1 മുതൽ 10 വരെ പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 149, 341, 294(b), 323, 272, 427 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതികളെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തരാക്കിയിരിക്കുന്നു. 1 മുതൽ 10 വരെ പ്രതികളുടെ ജാമ്യച്ചീട്ടുകൾ ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. 1 മുതൽ 10 വരെ പ്രതികളെ നിരുപാധികം സ്വതന്ത്രർ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 30 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## <u>അനുബന്ധം</u>

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | കലേഷ് |
| PW2 | അഷറഫ് |
| PW3 | രാജേഷ് കുമാർ |
| PW4 | എം. പ്രതീഷ് കുമാർ |

B.കുറ്റാരോപിതർ ഭാഗം സാക്ഷികൾ – ഇല്ല

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW2) | പ്രഥമ വിവര പ്രസ്താവന |
| Ext.P2 (PW4) | എഫ്.ഐ.ആർ |
| Ext.P3 (PW4) | കൃത്യസ്ഥല മഹസ്സർ |
| Ext.P4 (PW4) | അഡ്രസ്സ് റിപ്പോർട്ട് |
| Ext.P5 (PW4) | ജാമ്യക്കച്ചീട്ട് |

E. കുറ്റാരോപിതർ ഭാഗം തെളിവുകൾ – ഇല്ല

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**